"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ. കുടുബങ്ങൾക്ക് സമാശ്വാസ ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്**

സ.ഉ.(സാധാ) നം.5217/2022/RD തീയതി,തിരുവനന്തപുരം, 24-12-2022

---

പരാമർശം:- 1. 22.10.2021-ലെ സ.ഉ.(കൈ)നം.203/2021/റവ. നമ്പർ ഉത്തരവ്.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 13.12.2022-ലെ LR/4401/2021-LR(H1) - നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ് 19 ബാധിച്ച മരണപ്പെട്ട / മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ. കുടുബങ്ങൾക്ക് പ്രതിമാസം 5000/-രൂപ വീതം ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 36 മാസ കാലയളവിലേയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കോഴിക്കോട് ജില്ലയിൽ 47 പേർക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനായി 225000/- രൂപയും(10000/-രൂപ വിതരണത്തിന് ബാക്കിയുണ്ട്) 979 അപേക്ഷകർക്ക് മൂന്നാം ഗഡു അനുവദിക്കുന്നതിന് 48,95,000 രൂപയും അനുവദിക്കുവാൻ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. മേൽ പ്രകാരം കോഴിക്കോട് ജില്ലയിൽ 47 പേർക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനായി 225000/- രൂപയും 979 അപേക്ഷകർക്ക് മൂന്നാം ഗഡു അനുവദിക്കുന്നതിന് 48,95,000 രൂപയും അനുവദിക്കുന്നതിനായി ആകെ **5120000/- രൂപ അനുവദിച്ച്** ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിന് ആവശ്യമായി വരുന്ന 5120000 /-രൂപ ( അമ്പത്തൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി).
ധനകാര്യ ഫണ്ട്സ് വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്.-ബി/ സി വകുപ്പ്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് വകുപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Misha C P**
**Date: 26-12-2022 10:56:25**
സെക്ഷൻ ഓഫീസർ